പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1697</u> <u>10.03.2020 ൽ മറുപടിക്ക്</u>

## സെമി ഹൈസ്പീഡ് ട്രെയിൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള സെമി ഹൈസ്പീഡ് ട്രെയിൻ പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനവും പുരോഗതിയും വിശദമാക്കാമോ; | (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായുള്ള മൂന്നും നാലും പാതകൾ / ഗ്രീൻഫീൽഡ് കോറിഡോറാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് പ്രകാരം തിരുവനന്തപുരത്ത് നിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും, നാലുമണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രം വാല്യൂ ക്യാപ്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. 11 ജില്ലകളിൽകൂടി കടന്നു പോകുന്ന ഈ പാതയ്ക്ക് 10 സ്റ്റേഷനുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഈ പദ്ധതി ഏതു വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഈ പദ്ധതി നടപ്പ സാമ്പത്തിക വർഷം തന്നെ ആരംഭിച്ച് 5 വർഷത്തിനകം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. |
| (സി) | പ്രസ്തുത റെയിൽ നിലവിലുള്ള റെയിൽപ്പാതയുടെ ഓരത്തു കൂടിയാണോ നിർമ്മിക്കാൻ | (സി) | 222 കി.മീ ദൈർഘ്യമുള്ള കാസർഗോഡ് മുതൽ തിരൂർ വരെയുള്ള പാത നിലവിലുള്ള റെയിൽ പാതയ്ക്ക് സമാന്തരമായിട്ടാണ് കടന്നുപോകുന്നത്. എന്നാൽ തിരൂർ |

| | |
|---|---|
| വിഭാവനം ചെയ്തിരിക്കുന്നത് എന്ന് അറിയിക്കുമോ? | മുതൽ തിരുവനന്തപുരം വരെയുള്ള 310 കി.മീ പാത നിലവിലുള്ള റെയിൽപാതയ്ക്ക് സമാന്തരമായി നിർമ്മിക്കുമ്പോൾ 269 സ്ഥലങ്ങളിൽ വളവുകൾ നിവർത്തേണ്ടുന്ന സാഹചര്യമുണ്ടാകുന്നു. ഇതിൽ കൊടും വളവുകളുള്ള 63 സ്ഥലങ്ങളിൽ നിലവിലുള്ള റെയിൽ പാതയ്ക്കും നിർദ്ദിഷ്ട പാതയ്ക്കും ഇടയിലുള്ള ഭൂമി അകപ്പെട്ട് പോകുകയും (entrap) ചെയ്യുന്നു. കൂടാതെ നിലവിലുള്ള റെയിൽവേ ലൈനിന് സമാന്തരമായി വിന്യസിക്കുമ്പോൾ ജനസാന്ദ്രത കൂടിയ മേഖലകളിൽക്കൂടി കടന്നു പോകുന്ന സ്ഥിതി വിശേഷമാണുള്ളത്. 45 ROB/RUB യും നിലവിലുള്ള 54 സ്റ്റേഷൻ / യാർഡ് എന്നിവ പരിഷ്കരിക്കുക / പുന:നിർമ്മിക്കേണ്ടതായും വരും. ആയതിനാൽ തിരൂർ മുതൽ തിരുവനന്തപുരം വരെയുള്ള പാത നിർമ്മാണയോഗ്യവും ജനവാസം കുറഞ്ഞതുമായ മേഖലകളിലൂടെയാണ് കടന്നുപോകുന്നത്. |

സെക്ഷൻ ഓഫീസർ